# വാഴ്ത്തപ്പെട്ട ചാവറ

## കേരളസഭാ സമുദ്ധാരകൻ

### പുസ്തകം നാല്

കുറുക്കുവഴി

Fr. Nandhikara
* 3 0 0 0 0 7 1 0 *
K91.1 C163 V4

പ്രസ് സി. എം. ഐ

710
Fr. Jose Nandhikara CMI
Dharmaram College
Bangalore - 560 029

Printed and Published By
The C M I General Department
For The Media of Communications
Prior General's House - Kochi-682 011
1990

Fr. J[illegible] Nan[illegible]ara CMI
Dharmaram [illegible]ge
Bangalore - 560 029
710

# Bl. Kuriakose Elias Chavara

Kerala Sabha Samudharakan, Vol IV
(Malayalam)

By

**Fr. CANISIUS C. M. I.**

Rights Reserved

Published March 1990

By
The C M I General Department
For The Media Of Communications
Prior General's House
Kochi - 682 011

*Printed at :* Matha Printers
Kochi - 682 017
Tel. 369421

# ആമുഖം

മുൻ പുസ്തകങ്ങളിൽനിന്ന് ഒരു കാര്യം സ്പഷ്ടമാകുന്നുണ്ട്. വാ. ചാവറയുടെ കുശാഗ്രബുദ്ധി കേരളസഭയുടെ സമുദ്ധാരണത്തിനായി വിഭാവനം ചെയ്ത പദ്ധതിയുടെ കേന്ദ്രബിന്ദു പ്രാർത്ഥനയായിരുന്നു - കുടുംബങ്ങളെ പ്രാർത്ഥനോൻമുഖമാക്കുക, വൈദികരെ പ്രാർത്ഥനാനിരതരാക്കുക, സന്യാസിനീ സന്യാസികളെ പ്രാർത്ഥനയുടെ മനുഷ്യരാക്കുക! ഈ ലക്ഷ്യപ്രാപ്തിക്കായിട്ടാണ് മുഴുവൻ ധ്യാനങ്ങളും പ്രാർത്ഥനാപ്പുസ്തകങ്ങളും സൽഗ്രന്ഥങ്ങളും, പുതിയ സെമിനാരികളും, ദർശനഭവനങ്ങളും മററും ചാവറ വിഭാവനം ചെയ്തത്. അദ്ദേഹത്തിൻെറതന്നെ ജീവിതം ആഴമായ പ്രാർത്ഥനയുടേതായിരുന്നുവെന്ന് മുൻപുസ്തകങ്ങളെല്ലാം സാക്ഷ്യപ്പെടുത്തുന്നുണ്ടല്ലോ.

ചാവറയുടെ പ്രാർത്ഥനാരീതി കേവലം ലളിതവും അതേ സമയം ആഴവുമാണ്. അതിൻെറ ഒരു പങ്കുവയ്ക്കലാണ് ''ആത്മാനുതാപത്തിലും'' ''ധ്യാനസല്ലാപങ്ങളിലും'' നാം കാണുക. താൻ പരിശീലിപ്പിച്ചിരുന്ന സന്യാസികൾക്ക് വിശുദ്ധിയുടെ അത്യുച്ചിയിലെത്തുവാൻ അദ്ദേഹം ഉപദേശിച്ചുകൊടുത്തതും അതേ രീതിയാണ് - ഒരു കുറുക്കുവഴി.

ദൈവാനുഭവത്തിനുള്ള കുറുക്കുവഴി തേടുന്ന ഇന്നത്തെ തലമുറയെ ആ രീതിയുമായി പരിചയ

# വാ. ചാവറ

# കേരളസഭാ സമുദ്ധാരകൻ

## പുസ്തകം നാല്

### ആ കുറുക്കുവഴി

ഇന്ന് തിരുസഭ ഒരു പ്രതിസന്ധിയിലാണ്. സന്യാസികൾക്കും, വൈദികർക്കും, സന്യാസ വൈദികർക്കുപോലും, പ്രാർത്ഥനയിൽ വിരസത! തൻമൂലം, പ്രായേണ, പലരും പ്രാർത്ഥനാ ജീവിതത്തോട് വിടപറയുന്നു. അതേ സമയം, അവർക്ക്, അന്തരംഗത്തിൽ, അനുഭൂതിദായക പ്രാർത്ഥനയ്ക്കുള്ള തീവ്രദാഹവും! ആകമാന ലോകത്തിന്റെ സ്ഥിതി ഇതേ അനുഭവത്തിന്റെ ഒരു രൂക്ഷഭാവമാണെന്നു പറയാം. പാപബോധത്തിന്റെ തിരോധാനം; അതേ സമയം ദൈവാനുഭവാനുഭൂതികൾക്കുള്ള ഒരു തീരാദാഹം!

ഈ പ്രതിസന്ധിയുടെ രണ്ടു വശത്തിനും തൃപ്തികരമായ പ്രത്യുത്തരം നല്കുന്ന ഒരു കുറുക്കുവഴിയാണ് വാ. ചാവറയുടെ ലളിതമായ പ്രാർത്ഥനാരീതി. അദ്ദേഹത്തിന്റെതന്നെ വാക്കുകളിൽ, അത് ''പുണ്യത്തിന്റെ മുകളിൽ കയറുവാനും, കയറിയയിടത്തിൽനിന്ന് വീഴായ്‌വാനും സൂക്ഷിച്ച നേർ

പ്പെടുത്താതിരിക്കുക അക്ഷന്തവ്യമായ അപരാധമായിരിക്കുമെന്ന ബോദ്ധ്യമാണ് ഈ ചെറുഗ്രന്ഥരചനയ്ക്ക് പ്രേരകമായിരിക്കുന്നത്.

മുൻ പുസ്തകങ്ങളിലെ ചില ആശയങ്ങളുടെയും പല ഉദ്ധരണികളുടെയും ആവർത്തനം, ഈ വിഷയത്തിൻെറ സ്വഭാവം, ഒരാവശ്യമാക്കിത്തീർക്കുന്നുണ്ട്. ആഴമായ പ്രാർത്ഥനാനുഭവം ലഭിക്കുവാൻ അനേകർക്ക് ഈ ചെറുഗ്രന്ഥം മാർഗ്ഗദർശിയായിത്തീരുമെന്ന് വിശ്വസിക്കുന്നു.

വാ. ചാവറയുടെ പ്രാർത്ഥനാരീതി, ആറു പൂർണ്ണ ദിവസത്തെ മുഴുവൻ ധ്യാനത്തിന് മാതൃകയായി സ്വീകരിച്ചാൽ, അത് പ്രാർത്ഥനാനുഭവത്തിനും, ജീവിത നവീകരണത്തിനും, ''കുറുക്കുവഴി''യുടെ, സാവകാശത്തിലുള്ള സ്വാംശീകരണത്തിനും സഹായകമാകും. അതിനുള്ള ഒരു രൂപരേഖ അനുബന്ധമായി ചേർത്തിട്ടുണ്ട് – അനുബന്ധം I

വാ. ചാവറയുടെ തിരുനാളിനു ഒരുക്കമായ ഒരു പ്രാർത്ഥന - ഈ നാല് പുസ്തകങ്ങളിലൂടെ നൽകപ്പെടുന്ന വസ്തുതകൾ അനുസ്മരിച്ചുകൊണ്ടുള്ള ഒമ്പത് കാറോസൂസാകൾ ഉൾക്കൊള്ളുന്നത് - വേറൊരു അനുബന്ധമായി ചേർത്തിരിക്കുന്നു - അനുബന്ധം II.

വേറൊരനുബന്ധവുംകൂടി ചേർക്കുന്നത് ഉചിതമായിത്തോന്നി. അതായത് ചാവറയുടെ ''സ്മരിക്കലും ജ്വലിക്കലും'' മനോഹരമായി പ്രകാശിപ്പിക്കുന്ന പ. കന്യകയുടെ ധ്യാനരീതി. അതാണ് അനുബന്ധം III.

★

# ആ കുറുക്കുവഴി

## വിഷയസൂചിക


| | പേജ് |
|---|---|
| ആ കുറുക്കുവഴി | 1 |
| i വായന | 2 |
| ii ഏകാന്തം | 3 |
| iii ധ്യാനത്തോടുകൂടിയ നമസ്ക്കാരം | 16 |
| iv ധ്യാനം | 17 |
| ഉപസംഹാരം | 19 |
| അനുബന്ധം I<br>*ചാവറ പ്രാർത്ഥനാരീതിയിൽ ഒരു മുഴുവൻ ധ്യാനം* | 21 |
| അനുബന്ധം II<br>*തിരുനാളിനൊരുക്കമായ പ്രാർത്ഥനാ ശുശ്രൂഷ* | 26 |
| അനുബന്ധം III<br>*പ. കന്യകയുടെ ധ്യാനരീതി* | 31 |

വഴി''യാണ്. തന്റെ ആത്മീയ മക്കളായിരുന്ന സന്യാസിനികൾക്കയച്ച ഒരു എഴുത്തിൽ, അദ്ദേഹം അത് സംക്ഷേപമായി വിവരിക്കുന്നുണ്ട്. (കത്തുകൾ p. 116) വായന, ഏകാന്തം, ധ്യാനത്തോടുകൂടിയ നമസ്ക്കാരം, ധ്യാനം എന്നീ നാലു ഘടകങ്ങളാണ് ആ കുറുക്കുവഴിയുടെ നാഴികക്കല്ലുകൾ.

## i വായന

വായനയെ വാ. ചാവറ രണ്ടായി വിഭജിക്കുന്നുണ്ട്. വാർത്തകൾ അറിയാനുള്ള വായനയും ഭക്തിയിൽ വളരാനുള്ള വായനയും. ഈ രണ്ടുതരം വായനയിലും ചാവറ മികച്ചുനിന്നുവെന്ന് അദ്ദേഹം രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ സ്പഷ്ടമാക്കുന്നു.

ചാവറ വായിക്കാനെടുക്കുന്ന ഒന്നാമത്തെ ഗ്രന്ഥം സ്വന്തം ആത്മകഥയാണ്. ആ വിശിഷ്ടഗ്രന്ഥത്തിൽനിന്നുള്ള അനുഭവങ്ങളും വി. ഗ്രന്ഥങ്ങളിൽനിന്ന് ഹൃദിസ്ഥമാക്കിയിട്ടുള്ള സത്യങ്ങളും ഭക്തിയിൽ മികച്ചുനിന്ന വിശുദ്ധരുടെ വിശിഷ്ട മാതൃകകളും പ്രപഞ്ചമാകുന്ന മഹാഗ്രന്ഥത്തിലെ ചിത്രങ്ങളും തന്റെ സ്മരണയുടെ കലവറയിൽ, അദ്ദേഹം അടുക്കടുക്കായി സൂക്ഷിച്ചിരുന്നുവെന്ന് അദ്ദേഹം രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ, (''നാളാഗമം'' ''ആത്മാനുതാപം'', ''ധ്യാനസല്ലാപങ്ങൾ'' മുതലായവ) സ്പഷ്ടമാക്കുന്നുണ്ട്.

ഭാവനയെ നിഷ്ക്രിയമാക്കാനല്ല വാ. ചാവറ ഉപദേശിക്കുക, പ്രത്യുത, അതിനെ മുൻപറഞ്ഞ വായനകളാൽ പരിപുഷ്ടമാക്കുവാനാണ് അദ്ദേഹം നിർ

ദ്ദേശിക്കുക–പ. കന്യകയെപ്പോലെ, അനുഭവങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിക്കുവാൻ. ഈ സമ്പന്നതയിൽനിന്ന് എങ്ങനെ സൽഫലങ്ങൾ പുറപ്പെടുത്തണമെന്ന് രണ്ടാം ഭാഗം വിശദമാക്കും. ''നല്ല മനുഷ്യൻ തൻെറ നൻമയുടെ കലവറയിൽനിന്ന് നല്ലവ പുറത്തെടുക്കുന്നു'' (Mt. 12/35). അതാണ് ഏകാന്തതയിൽ നടക്കുക.

## ii ഏകാന്തം

ഏകാന്തതയിൽ, ദൈവസമക്ഷം, മുകളിൽപ്പറഞ്ഞ കലവറയിൽനിന്ന്, ഓരോന്നായി എടുത്ത്, സാവകാശം സ്മരിക്കുക; ഒന്നിനെ മറ്റൊന്നുമായി തുലനം ചെയ്യുക. (പ. കന്യക അനുഭവങ്ങൾ ഹൃദയത്തിൽ സംഗ്രഹിച്ച്, അവയിൽ ഒന്നിനെ മറ്റൊന്നുമായി തുലനം ചെയ്തിരുന്നതുപോലെ Lk. 1/46-55; 2/19, 51); അനുമാനത്തിലെത്തുക; അനുമാനം സാദ്മീകരിച്ച്, ദൈവഭക്തിയിലാഴുക*. വാ. ചാവറതന്നെ ഇത് പ്രായോഗികമാക്കിയതെങ്ങനെയെന്ന് വിശദമാക്കുന്ന കുറിപ്പുകളാണ്, ''ആത്മാനുതാപവും'', ''ധ്യാനസല്ലാപങ്ങളും''.

### ഒന്നാം അദ്ധ്യായം

ദൈവം നമുക്കായി തുറന്നു വച്ചിരിക്കുന്ന പ്രപഞ്ചമാകുന്ന മഹാഗ്രന്ഥത്തിൽ, ചാവറ തൻെറ ജീവിതകഥയാകുന്ന കൊച്ചു ഗ്രന്ഥം എടുത്തുവച്ച്, അതിൻെറ അദ്ധ്യായങ്ങൾ ഓരോന്നായി തുറക്കുന്നു. വി. ഗ്രന്ഥത്തിൽനിന്നും ഹൃദിസ്ഥമാക്കിയിട്ടുള്ള സത്യങ്ങളുടെ പ്രകാശത്തിൽ, ആത്മകഥയുടെ ഒന്നാം

---

* അനുബന്ധം III കാണുക

അദ്ധ്യായത്തിലേക്ക് കണ്ണോടിക്കുന്നു. അനേകം ചിത്രങ്ങൾ ഒന്നിനു പുറകെ ഒന്നായി സ്മരണയിൽ വന്നുനിരക്കുന്നു. ''ആദത്തിൻെറ മകനായി അവിടന്ന് എനിക്ക് ജന്മം നല്കി. വിശ്വാസികളായ മാതാപിതാക്കൻമാർ! അതിവത്സലയായ മാതാവ്! അവളുടെ സ്നേഹപരിചരണങ്ങൾ!

ഇവയ്ക്കും പുറമെ, ജ്ഞാനസ്നാനത്തിൽ അവിടന്ന് എന്നെ ദൈവസുതനും മോക്ഷത്തിനു അവകാശിയുമാക്കി; എനിക്കൊരു കാവൽദൂതനെ നല്കി; എൻെറ പേര് ജീവൻെറ പുസ്തകത്തിൽ കുറിച്ചു.

ഈ മനോഹര ചിത്രം പ്രപഞ്ചമാകുന്ന മഹാഗ്രന്ഥത്തിലെ, അനുദിന സംഭവങ്ങളുമായി ചാവറ തുലനം ചെയ്യുന്നു. ''തള്ളയുടെ ഉദരത്തിൽവച്ചുതന്നെ അന്തരിച്ചു പോകുന്ന കുഞ്ഞുങ്ങൾ എത്രയെത്ര! അപ്രകാരം തൻെറ അമ്മയുടെ ഉദരത്തിൽവച്ച് അന്തരിക്കുവാൻ അവിടന്ന് തനിക്ക് ഇടയാക്കിയില്ല. എത്രപേരാണ് അക്രൈസ്തവ കുടുംബങ്ങളിൽ ജനിച്ച്, അക്രൈസ്തവരായി ജീവിച്ച്, അക്രൈസ്തവരായിത്തന്നെ മരണമടയുന്നത്! അതിൽനിന്നും അവിടന്ന്തന്നെ ഒഴിവാക്കി. അംഗവൈകല്യങ്ങളിൽനിന്ന്, മഹാരോഗങ്ങളിൽനിന്ന്, വലിയ ദാരിദ്ര്യത്തിൽ നിന്നും മഹാസമ്പന്നതയിൽ നിന്നും അവിടുന്ന് തന്നെ രക്ഷിച്ചു.

ഈ താരതമ്യ പഠനം ആഴമായ അനുചിന്തനത്തിലേക്കും അതിൽനിന്നുള്ള അനുമാനം സ്വയാവബോധത്തിലേക്കും, പടിപടിയായി ചാവറയെ നയി

ക്കുന്നു. ഈ സ്വയാവബോധവും അതിന്റെ പിന്നിൽ വർത്തിച്ച അത്യുന്നതന്റെ കാരുണ്യാതിരേകവുമോർത്ത് വിസ്മയിക്കുന്ന ചാവറയുടെ ഹൃദയം പ്രതിസ്നേഹനിർഭരമാകുന്നു. ആ സ്നേഹാഗ്നിയിൽ നിന്നു പറക്കുന്ന തീപ്പൊരികൾ വചനരൂപത്തിൽ സ്വർഗ്ഗത്തിലേക്കുയരുന്നു. ''ഇക്കരുണയ്ക്ക് കൈമാർ എന്തു നാഥാ!'' (കർത്താവേ, ഇത്ര വലിയ കാരുണ്യത്തിന് പകരമായി - കൈമാററമായി - ഞാൻ എന്തു നൽകും!) വസ്തുതകൾ ഹൃദയത്തിൽ സംഗ്രഹിച്ച് താരതമ്യ പഠനം നടത്തിയ പരിശുദ്ധ കന്യകയിൽനിന്നുയർന്ന ''ഞാനെൻ നാഥനെ വാഴ്ത്തുന്നു'' എന്ന മനോഹര ഗാനത്തിന്റെ മറെറാരു ഭാഷ്യം! അങ്ങനെ ചാവറ സ്മരിക്കുന്നു; സ്മരിക്കുംതോറും അദ്ദേഹത്തിന്റെ ഹൃദയം ജ്വലിക്കുന്നു.

**ശ്രദ്ധാർഹം :** ചാവറതന്നെ ഈ അനുചിന്തനം ''ആത്മാനുതാപത്തിൽ'' പദ്യരൂപത്തിൽ പകർത്തിയിരിക്കുന്നത് ശ്രദ്ധാർഹമാണ്. അതിലെ ചില വരികൾ:

## a) ആത്മകഥ : ഞാനെത്രയോ ഭാഗ്യവാൻ!

*ജനനത്തെപററി :*

''ആദത്തിന്റെ സുതനായി ചമച്ചെന്നെയും''
(ആത്മാ. 1/4)

*മാതാപിതാക്കൻമാരെ നല്കി :*

''വിശ്വാസികളാം കാരണവൻമാരാൽ
വിശ്വാസിയായി എന്നെയും തീർത്തു നീ''
(2/44)

*അമ്മയുടെ സംരക്ഷണം :*

''പൈതൽ പ്രായേ തീററിവളർത്തുവാൻ
അയ്യം കൂടാതെ തന്നു മാതാവിനെ''
(2/46)

*കാവൽമാലാഖയുടെ സംരക്ഷണം :*

''ഊനം കൂടാതെ ഭൂമിയിൽ മേവുവാൻ
ഉനഹീനനാം കാവലും തന്നല്ലോ''
(1/19)

*പ. കന്യകയുടെ പ്രത്യേക സംരക്ഷണം :*

''പരമനാഥൻ പരൻ കരുതിയടിയനെ
പരമനാഥ തൻെറയടിമയുമാക്കിമുന്നം''
(6/1)

*ദൈവപുത്രത്വവും അവകാശവും :*

''ജ്ഞാനസ്നാനത്താൽ നിന്നുടെ പുത്രനാക്കി
വാനത്തിൽ മോക്ഷാനന്ദവും തന്നു...
വരപ്പിച്ചെൻെറ നാമം തിരുപ്പുസ്തകം തന്നിൽ''
(2/42; 9/112)

## b) പക്ഷേ പ്രപഞ്ചത്തിലേക്കു നോക്കുമ്പോൾ

*അമ്മയുടെ ഉദരത്തിൽവച്ചു മരിക്കുന്നവർ :*

''എന്നുടെ മാതാവിൻെറയുദരേയിരിക്കയിൽ...
തത്രനീ കാത്തില്ലെങ്കിൽ മൃത്യു സംശയംവിനാ''
(9/97)

*അംഗവൈകല്യങ്ങളോടെ ജനിക്കുന്നവർ :*

''എന്നുതന്നെയുമല്ല മന്നിലുണ്ടാം ജനം...
ചില ജനം കാലിനും കൈയ്ക്കും കേടും

കണ്ണില്ല, ചിലർക്കയ്യോ ചിലർക്കു കോംവിഹീനം
കർണ്ണവും നാവുംകൊണ്ടു ഫലമില്ലാതെ
ചിലർ'' (8,80)

*അജ്ഞതയിലും അക്രൈസ്തവതയിലും ജനിക്കുന്നവർ :*

''എന്നുടെ ഹൃദയമേ സ്മരിക്ക നിൻകൃതി
നിന്നെ സൃഷ്ടിച്ച കാല-ദിവസ-നേരമതിൽ
മന്നിലുണ്ടെത്ര പ്രജ സർവ്വേശൻ സൃഷ്ടി
ചെയ്തു
ചിലർ അജ്ഞാനമതിൽ ഇപ്പോഴും
അജ്ഞാനികൾ
മററവർ യൂദകുലമെന്നതിൽ മററു ദുർമ്മതത്തിൽ
ജനിച്ച കുലംതന്നിൽ ഭേദംകൂടാതെ ഇന്നു
നടന്നു വലയുന്നു
എന്നെ നീ സർവ്വേശ്വരാ അതിൽനിന്നു
നീക്കി നിന്നെ സ്നേഹിച്ചിടുന്ന ജനത്തിൽ
ചേർത്തു'' (8,64-73)

*രോഗങ്ങളും ദാരിദ്ര്യവും*

''എന്നുതന്നെയുമല്ല, വ്യാധിയെന്നൊരു ദുഃഖം
അന്നപാനത്തിനവർ മുട്ടിനാലിരക്കുന്നു
ഇങ്ങനെ ദാരിദ്ര്യത്താൽ എത്രപേർക്ലേശിക്കുന്നു!
അങ്ങനെയുളളവരിൽനിന്നുമാം രക്ഷിച്ചു നീ''
(8,81)

*ഉന്നതകുലം സമ്പന്നത :*

''പിന്നെയുമൊരു മഹാകരുണ നൽകി നീയോ
മന്നവൻമാരും മുഖ്യശ്രേഷ്ഠൻമാർ
ദ്രവ്യസ്ഥൻമാർ...
മന്നിലിങ്ങെത്രയുണ്ട് സകലഗുണനാഥാ

അപ്പോലെയുള്ള ബഹുമുഖ്യരിൽനിന്ന് ഞാനു
മിപ്പാരിൽ ജനിച്ചെങ്കിൽ മേവിധിയെന്തുനാഥാ
എന്നെ നീ കുറച്ചില്ല പൊക്കിയില്ല ഇഹലോകേ
എന്നതിനാലല്ലയോ ഈവണ്ണം ചരിക്കുന്നു''.
(8/89-96)

## c) പ്രതിസ്നേഹത്താൽ ജ്വലിക്കുന്ന ഹൃദയം

*ഇതിനുപകരമായി എന്തു ഞാൻ നല്കും :*

''ഇച്ചെയ്ത ഗുണമഹത്വമോർക്കുമ്പോൾ
ഇക്കരുണയ്ക്ക് കൈമാറെന്തുനാഥാ!''
(2/37)

''അതിനു ഞാൻ എന്തു
കൃതോത്തരത്തെയണക്കേണ്ടു!'' (8/76)

## d) അനുമാനം

''മമപിതാവു നീയേ ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയെ മറെറന്തു ഗുണം നാഥാ
എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കുനീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കു നീ യാവന പാനം നീയേ
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ''.
(10/141-146)

**രണ്ടാം അദ്ധ്യായം**

ജീവിതകഥ രണ്ടാം അദ്ധ്യായത്തിലേക്ക് കടക്കുമ്പോൾ, ചാവറയുടെ മുമ്പിൽ നിരക്കുന്നത് അഞ്ചു വയസ്സുമുതൽ പത്തു വയസ്സുവരെയുള്ള സംഭ

വങ്ങളാണ് ആശാന്റെ കളരിയിലെ അനുഭവങ്ങൾ! വിജാതീയനായ ഗുരു, വിജാതീയരായ ബാലികാബാലൻമാർ! അവരുമായുള്ള സമ്പർക്കം! ദൈവസുതന്റെ അന്തസിനു ചേരാത്ത കാഴ്ചകൾ, കേൾവികൾ, ചിന്തകൾ! അവമൂലം വേദനിച്ച സ്വർഗ്ഗപിതാവിന്റെ–തന്റെ സാക്ഷാൽ ''അപ്പന്റെ''-കുപിതമായ ഹൃദയം! ജലപ്രളയത്തിനുമുമ്പ് ആ പിതൃഹൃദയം, മനുഷ്യന്റെ പാപങ്ങൾ ദർശിച്ചപ്പോൾ, ''മനുഷ്യനെ സൃഷ്ടിച്ചു പോയതിൽ പശ്ചാത്തപിച്ചു'' എന്നല്ലേ വി. ഗ്രന്ഥം സമർത്ഥിക്കുന്നത്? (Gen. 6/6). കളരിയിലെ അനുഭവങ്ങളെല്ലാം ചാവറ സംക്ഷേപമായി കുറിക്കുന്നു:

> ''കൺതുറക്കുന്ന കാഴ്ചയും കേൾവിയും
> കാണുന്നതൊക്കെയും കന്മഷസാധനം''
> (ആത്മാ. 4/107)

(കാണുന്നതൊക്കെയും അപരാധബോധം ഉളവാക്കുന്നവ എന്നു സാരം)

ഈ സ്മരണകൾ ചാവറയെ ചിന്താധീനനാക്കുന്നു. ചിന്തകൾ വികാരത്തിലേക്കും, വികാരം തകരുന്ന ഹൃദയത്തിലേക്കും അദ്ദേഹത്തെ നയിക്കുന്നു. അനുതാപത്താലുരുകുന്ന ഹൃദയത്തിലെ വിലാപതരംഗങ്ങൾ വികസിച്ച് വിഹായസ്സിലേക്കുയർന്ന്, പിതൃഹൃദയ സ്പന്ദനങ്ങളിൽചെന്ന് ലയിക്കുന്നു. മകന്റെ ആഭിജാത്യരാഹിത്യം കണ്ടു വേദനിക്കുന്ന പിതൃഹൃദയത്തോടുള്ള മകന്റെ അനുകമ്പാർദ്ര സ്നേഹം. ഇതാ സാക്ഷാൽ സ്നേഹത്തിലേക്കു നയിക്കുന്ന പാപബോധം! ദാസന്റെ ഭയമല്ല; പ്രത്യുത മകന്റെ അനുകമ്പാർദ്ര സ്നേഹം! സാക്

ഷാൽ പാപബോധത്തിൻെറ അമൂല്യമായ സൽഫലമാണിത്. മകൻെറ അനുകമ്പാർദ്ര സ്നേഹം!

**ശ്രദ്ധാർഹം :** ''ആത്മാനുതാപ''ത്തിൽനിന്നും ''ധ്യാനസല്ലാപ''ങ്ങളിൽനിന്നും ശ്രദ്ധേയമായ ഉദ്ധരണികൾ:

*ചാവറ സ്മരിക്കുന്നു* (കളരിവാസം)

''അങ്ങനെ വളർന്നീടുന്ന കാലത്തിൽ
ഭംഗമെന്യേ ദൈവത്തിനുമിഷ്ടൻ ഞാൻ
ഇങ്ങനെ പഞ്ചവത്സരം ചെന്നപ്പോൾ
അങ്ങൊരു ഗുരുവജ്ഞാനിശ്രേഷ്ഠനായി''

(3/85-88)

........................................................................

''അക്കളരിയിൽ കൂടുന്ന പൈതങ്ങൾ
മിക്കതുമിവർ രണ്ടുനാലെന്നിയേ''

(4/93-94)

........................................................................

''അന്നുതൊട്ടവരോട് ചരിച്ചിട്ട്
നന്ദിയൊക്കെ മറന്നേനഹംവൃഥാ''

(4/103-4)

''കൺതുറക്കുന്ന കാഴ്ചയും കേൾവിയും
കാണുന്നതൊക്കെ കന്മഷസാധനം
അടക്കമില്ലാതുള്ള കളികളും
നടക്കുന്നതും നഗ്നരൂപംയഥാ
വചനത്തിലും ദൂഷിതവാക്കുകൾ
അശനത്തിലുമജ്ഞാനാചാരങ്ങൾ''

(4/10.-112)

*ചാവറ തപിക്കുന്നു*

''അയ്യയ്യോ മഹാ ദുഃഖമെന്നുടെ പാപത്താലേ
അയ്യംകൊണ്ടടിയന്റെ കണ്ണുകൾ താഴുന്നയ്യോ
മമ പിതാവു നീയേ, ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയേ മററന്തു ഗുണം നാഥാ''
(10/139-142)

*പുൽക്കൂട്ടിലെ ശിശുവിനെ ധ്യാനിച്ചുകൊണ്ട്:*

''എന്നുടെ പൈതൽ പ്രായേ നിന്നിൽ
നിന്നകന്നു ഞാൻ
..........................................................
നിന്നുടെ പിതാമഹൻ ദാവീദു പുണ്യശ്രേഷ്ഠൻ
മന്നവൻ തിരുവാക്യം ഇന്നു ഞാൻ ചൊന്നീടുന്നു
ശിശുകാലത്തിൻ മമകൃതി നീ ഓർത്തിടാതെ
ശിശു നിൻ കടാക്ഷത്താൽ ശമനം വരുത്തണം''
(35/175-180)

*ദഹദനാചാരത്തിലെ വേദനയെ ധ്യാനിച്ച്,
അനുകമ്പാർദ്ര സ്നേഹത്തോടെ:*

''അയ്യയ്യോ മമനാഥാ, അയ്യയ്യോ മമസ്നേഹം
അയ്യയ്യോ മമപാപം, കാരണമിതിന്നയ്യോ''
(45/327-8)

*ധൂർത്തപുത്രനെപ്പോലെ പിതാവിനെ സമീപിച്ച്,
ചാവറ പറയുന്നു:*

''അയ്യോ അപ്പാ, ആകാശത്തിലും, നിന്റെ തിരുമുമ്പിലും ഞാൻ പിഴച്ചു. ഇനി, നിന്റെ മകൻ എന്ന മഹിമപ്പേരിന് അടിയൻ യോഗ്യനല്ല... എന്നാലും എന്റെ അപ്പാ, ഈ പേരുകൊണ്ടല്ലാതെ നിന്നെ വിളിക്കാൻ എന്റെ ഹൃദയം സമ്മതിക്കുന്നില്ല'' (ധ്യാനസല്ലാപങ്ങൾ p. 17-3)

*പിടിച്ചു തഴുകാനെത്തുന്ന, അപ്പൻെറ കൈകൾ അഴുക്കാകാതിരിക്കാൻവേണ്ടി, അതിനനുവദിക്കാതെ തൃപ്പാദങ്ങളെ ധ്യാനിക്കുന്നു :*

''നന്ദിയില്ലാത്ത മകനായ എന്നെ അന്വേഷിച്ച് ഉച്ചയിലും പാതിരയിലും, മഞ്ഞിലും വെയിലിലും, കാട്ടിലും മേട്ടിലും ചുററിത്തിരിഞ്ഞു നടന്ന് എന്നെത്തേടിയ എൻെറ രക്ഷിതാവിൻെറ തൃക്കാലുകളേ... ഗാഗുൽത്താ മലയിലുള്ള കൂർത്തു മൂർച്ചഛരിച്ച കടുത്ത പാറകളിൽ ചവുട്ടി നടന്ന നിൻെറ തൃപ്പാദങ്ങളെ ഞാൻ കണ്ടാറെയും; എൻെറ കാലുകളെ ഞാൻ ഇളക്കിയതെങ്ങനെ?...

(ധ്യാ. സ p. 27)

*അനുതപിക്കുന്ന മകനോട് കുരിശിൽനിന്നുള്ള വാക്കുകൾ*

''വേഗത്തിൽ വന്നീടുക, നിന്നുടെ പിതാവു ഞാനേ
ഭേദത്തെ നിനക്കേണ്ട സർവ്വതും മറന്നു ഞാൻ
..............................................................
ഒക്കെയും പൊറുത്തു ഞാൻ അടുത്തു വന്നീടുക
കരുതിയണഞ്ഞു വാ, നിന്നെ ഞാൻ മുത്തീടുവാൻ''

(55/278-287)

*പക്ഷെ, മകൻ, പിതാവിൻെറ മൂക്കിൽ ദുർഗന്ധം വീശാതിരിക്കാൻ, അതിൽനിന്നൊഴിയുന്നു :*

''കഷ്ടനാമടിയൻെറ ദുഷ്ടത ഹേതുവിനാൽ
നഷ്ടമായ്, ദേഹീരൂപം ദുർഗന്ധം വീശുന്നയ്യോ
നിൻതിരുവടിയുടെ നാവിനാലരുംചെയ്താൽ
പിന്തിരിഞ്ഞടിയനു ലഭിക്കും ദേഹീഗുണം''

(55,288-291)

## മൂന്നാം അദ്ധ്യായം

ജീവിതകഥയുടെ മൂന്നാം അദ്ധ്യായത്തിലേക്കു കടക്കുമ്പോൾ, ചാവറ കാണുന്നത്, അപരാധങ്ങൾ പരിഗണിക്കാതെ, ഉപരിനൻമകൾ കോരിച്ചൊരിയുന്ന അപ്പൻെറ ഉറച്ച സ്നേഹ ലക്ഷ്യങ്ങളാണ്. അവ തെരുതെരെ ദൃഷ്ടിയിൽ നിരക്കുന്നു.

പത്താം വയസ്സിലെ സെമിനാരി പ്രവേശനം! ആയിടെ, നാട്ടിൽ പടർന്നു പിടിച്ച വസന്തയിൽനിന്ന്-അപ്പനെയും അമ്മയെയും ഏക സഹോദരനെയും കൊണ്ടുപോയ മാരക ദീനത്തിൽനിന്ന്-തന്നെ മാററി നിർത്തിയ ദൈവകരത്തിൻെറ പ്രവർത്തനം! തനിക്കു പട്ടം നൽകിയ, തന്നെ കൊവേന്തയിൽക്കൂട്ടിയ, തന്നെ പ്രിയോരാക്കി ഇതുവരെയും നയിച്ച പിതാവിൻെറ ഉപരിസ്നേഹം! ഇവയെല്ലാം ചാവറയുടെ ഹൃദയത്തെ ആഴമായി സ്പർശിക്കുന്നു. ഉജ്ജ്വലമായ സ്നേഹത്തുടിപ്പുകൾ, അന്തരംഗത്തിൽ കിടഞ്ഞെടുത്ത നിസ്തുലമായ ഈരടിക്ക് അകമ്പടി സേവിച്ചുകൊണ്ട്, പിതൃഹൃദയ സ്പന്ദനത്തിൽ ലയിക്കുന്നു.

''ഏക നാഥേശാ നിന്നുടെ ദാസൻ മേ
ഏകദാ നിന്നെ ഞാൻ കാണാകേണം''

അങ്ങനെ ഏകാന്തതയിൽ ചാവറ സ്മരിക്കുന്നു; അദ്ദേഹത്തിൻെറ ഉപരിസ്നേഹത്താൽ, ഉജ്ജ്വലമാകുന്നു. ഇതെല്ലാമാണ് ചാവറപ്രാർത്ഥനയുടെ രണ്ടാം ഘട്ടമായ ഏകാന്തതയിൽ നടക്കുക.

## ശ്രദ്ധാർഹം

*പത്താം വയസ്സിലെ മഹാദാനം*

''ഇങ്ങനെ ദശവർഷം ചെന്നപ്പോഠം
അങ്ങുന്നെന്നെ വിളിച്ചു മഹാദയാൽ
(4/113)

*വി. യൗസേപ്പിൻെറ ദേവാലയവാസം :*

''നിന്നുടെ ദയാധികൃത്താലന്നെന്നെ
നിൻ പുത്രൻെറ കൈത്താതനാം മാർജുനേ
തൻെറ നാമധേയത്തിൻെറ കോവിലാം
എൻെറ മേയ്‌വിൻ സ്ഥലത്തിൽ ചേർത്തു നീ''
(5/131-134)

*വസന്തയിൽനിന്നു രക്ഷിച്ചു :*

''ദേവാലയത്തിൽകൂടുന്നേരവും മൃത്യുകേഠക്കാം
ആബാലവൃദ്ധത്തോടെ കരച്ചിൽ നിലവിളി
അക്കാലം സർവ്വേശൻ മേവിധി കൽപിച്ചെങ്കിൽ
ദുഃഖാബ്‌ധേ വീണുതാണു കിടക്കുമന്ത്യംവിനാ
(7/39-42)

..................................................................

''എന്നെ കാത്തനുഗ്രഹിച്ചീടുന്ന നേരംതന്നെ
എന്നെക്കാഠ ഗുണവാൻമാർ പലരും
വീണീടുന്നു (7/51-52)

..................................................................

എന്നതിനെന്തു മൂലമെന്നഹമോർക്കുന്നേരം
നന്ദിഹീനനായിട്ടുമെൻെറ മേലുള്ള സ്നേഹം
എന്നതെന്തിയേ മററു കാരണമൊന്നുമില്ല''
(7/59-61

*ഞാൻ അവിടത്തെ ഉപേക്ഷിച്ചപ്പോഴും,*
*പിന്നേചെന്നു :*

''നിന്നെ ഞാൻ മറന്നതു നിശ്ചയമെന്നാകിലും
എന്നെ നീ ഉപേക്ഷിച്ചില്ലെന്നതു
സുനിശ്ചയം'' (54/244)

*ചാവുദോഷത്തിൽ വീഴാതെ കാത്തുസൂക്ഷിച്ചു:*

''നിന്നെ ഞാനുപേക്ഷിച്ചു
പിന്തിരിഞ്ഞനേരവും
എന്നെ നീ മറക്കാതെ പിന്തുടർന്നെന്റെ പിമ്പേ
(54/246-7

..............................................................
നിന്ദിതനായി തള്ളിയുപേക്ഷിച്ചില്ല ദൃഢം
മരിച്ചിട്ടില്ല ഞാനും കുഴച്ചെന്നതേയുള്ളൂ''
(54/253-4)

*ഈ ഉറച്ച ദൈവസ്നേഹത്തിലുള്ള പരമബോദ്ധ്യം ദൈവത്തോടു പരമാവധി ഐക്യപ്പെടുത്തുന്ന ആഴമായ ധ്യാനത്തിനും ഉന്നത വിശുദ്ധിക്കും തനിക്കുള്ള സാദ്ധ്യതയെപ്പററി, ചാവറയിൽ, ഇളകാത്ത പ്രത്യാശയുളവാക്കി :*

''ഉയരപ്പെട്ട പുണ്യത്തിനും വലിയ ധ്യാനത്തിനും എനിക്ക് യോഗ്യതയില്ല. അതെന്ത്യേ, മഹാപാപി ഇതിനാൽ ആത്മം അശുദ്ധമായി, തെളിവില്ലാത്തതായി, വെടിപ്പ്, അടക്കം, ഈ പുണ്യങ്ങളില്ലായ്കയാൽ ധ്യാനാരൂപി കിട്ടുവാനും പുണ്യസാംഗോപാംഗത്തിന് യോഗ്യനല്ല എന്ന നിരൂപണം: അമ്മയുടെ വചനംപോലെ നിഗളം എന്ന് തിരിയുകയും ചെയ്യും. അതെന്ത്യേ, എന്നാൽ ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമോ? ഇത്രടം നീ വന്ന

തെങ്ങനെ? വീട്ടിൽനിന്നാരു വിളിച്ചു? പട്ടത്തിനു എങ്ങനെ കേറി? കൊവേന്തയിൽ എങ്ങനെ കൂടി? സഭ എങ്ങനെ കിട്ടി? പ്രിയോരെന്നാരു വിളിച്ചു? ഇവിടെ എങ്ങനെ വന്നു? ഇതൊന്നിന് നിന്നെ കൊള്ളാമോ? ഇല്ലയില്ല, നിശ്ചയം. അപ്പഴോ, തിരുമനസ്സു നടക്കും, നടത്തും'' (ധ്യാനസല്ലാപ p. 13)

## iii ധ്യാനത്തോടുകൂടിയ നമസ്ക്കാരം

മുകളിൽ കണ്ടവിധം, ഏകാന്തതയിൽ, സ്മരിക്കുകയും ജ്വലിക്കുകയും, സ്മരിക്കുകയും തപിക്കുകയും, സ്മരിക്കുകയും ഉജ്ജ്വലിക്കുകയും ചെയ്യുവാൻ സാധിക്കുന്നവരുടെ വാച്യപ്രാർത്ഥനകളും സമൂഹ പ്രാർത്ഥനകളും ധ്യാനാത്മകമാക്കുക കേവലം സ്വാഭാവികമാണ്. അവരുടെ നമസ്ക്കാരം ''എത്തിക്കലൊവില്ല'', പ്രാർത്ഥന ''ചൊല്ലിക്കൂട്ടലാവില്ല, പ്രത്യുത ഭക്തിയോടും ശ്രദ്ധയോടും ദിവ്യതയോടുംകൂടിയ ''ജപിക്കൽ'' ആയിരിക്കും. അതിലെ വാക്കുകൾ സ്മരിക്കാനും ജ്വലിക്കാനും, അഥവാ സ്മരിക്കാനും തപിക്കാനും അല്ലെങ്കിൽ സ്മരിക്കാനും ഉജ്ജ്വലിക്കാനും ഹൃദയത്തെ സഹായിക്കുന്നു. ആ പ്രാർത്ഥന കേൾക്കുമ്പോൾ, ''പരിഹസിക്കാൻ വന്നവർ പ്രാർത്ഥിച്ചുനിന്നുപോകും''; കടുത്ത പാപികളുടെ ഹൃദയങ്ങൾപോലും അനുതാപത്താൽ തകർന്നുപോകും; സഹൃദയർ വിശുദ്ധ ജീവിതത്തിലേക്ക് ആകർഷിതരാകും; സന്യാസത്തിലേക്കോ പൗരോഹിത്യത്തിലേക്കോ ആഹ്വാനം ലഭിച്ചിട്ടുള്ളവർ, തീക്ഷ്ണതയാൽ എരിഞ്ഞുകൊണ്ട് ''ദൈവമേ അങ്ങയുടെ കൂടാരങ്ങൾ എത്രയോ മനോഹരങ്ങൾ''!

''അങ്ങയുടെ ഭവനവാസികൾ എത്രയോ ഭാഗ്യവാൻ മാർ''! എന്ന് മനോഗതം ചെയ്യും.

## iv ധ്യാനം

ധ്യാനത്തെപ്പററിയുള്ള വാ. ചാവറയുടെ ആശയം ഇതാണ്: ''ധ്യാനം എന്നത് ദൈവത്തോടുള്ള സംസാരം ആകുന്നു. സ്നേഹത്താൽ ദൈവത്തോട് ചേർന്ന്, തന്നോടൊന്നിച്ചിരുന്ന്, സ്നേഹിതൻമാരോടൊന്നിച്ചുള്ള സംഭാഷണം എന്നപോലെ, ആത്മമണവാളനായ ഈശോയോട് ഒന്നിച്ചിരുന്ന് സംസാരിക്കുക മാത്രെ ഇതിൻെറ പ്രവൃത്തി'' (ധ്യാനസല്ലാപ p. 14-32)

മുകളിൽ കണ്ടവിധം, സ്മരിക്കുകയും ജ്വലിക്കുകയും, സ്മരിക്കുകയും തപിക്കുകയും, സ്മരിക്കുകയും ഉജ്ജ്വലിക്കുകയും ചെയ്യുന്ന ആത്മാക്കൾക്ക്, അന്തരംഗത്തിൽ ദൈവസ്വരം ശ്രവിക്കുവാൻ സാധിക്കും. കാരണം, അപ്രകാരം അങ്ങോട്ടടുക്കുന്നവരോട് നിസ്സംഗത പാലിക്കുന്നവരല്ല അവരുടെ സ്നേഹസ്വരൂപനായ ''അപ്പൻ'', ആത്മമണവാളനായ ഈശോ. ആങ്ങനെ, തന്നോടടുക്കുന്ന മക്കൾക്ക്, തൻെറ സാന്നിദ്ധ്യബോധമാകുന്ന ദിവ്യാനുഭവം സ്വർഗ്ഗസ്ഥനായ പിതാവ് തീർച്ചയായും നൽകും. അവിടത്തെ സ്വരമില്ലാത്ത സ്വരം ശ്രവിച്ചും, ഉൽബോധനങ്ങൾ സ്വീകരിച്ചും ദിവ്യാനുഭൂതിയിൽ ലയിച്ച മൂശയ്ക്കുണ്ടായ അഭിനിവേശം അവരിലും അചിരേണ ഉളവാകും. മൂശ അവിടത്തോടപേക്ഷിച്ചു: ''ആ മുഖകാന്തി എനിക്കൊന്നു കാണണം'' (Ex. 33/18-23) അത്തരം ദിവ്യാഭിലാഷത്തിൻെറ അവതര

ണമാണ് വാ. ചാവറയുടെ ''കാണാകേണം'' എന്ന ഗീത (ആത്മാ. pp. 17–20).

ദിവ്യദർശനം ലഭിച്ച യോഹന്നാൻ തന്റെ അനുഭവം ഇങ്ങനെ ലേഖനം ചെയ്തു: ''അവിടത്തെ മഹത്വം-കൃപയും സത്യവും നിറഞ്ഞതായി, പിതാവിൽ നിന്നുള്ള ഏകജാതന്റെ മഹത്വം-ഞങ്ങൾ ദർശിച്ചു'' (Joh. 1/14)

ഈ അനുഭവം ഓരോരുത്തർക്കും നിസ്തുലമായിരിക്കും. വി പൗലോസ് അതിനെ ''ദർശനങ്ങൾ'' എന്നു വിളിച്ചു (II Cor. 12/1). എമ്മാവൂസിലേക്കു പോയ ശിഷ്യൻമാരുടെ അനുഭവം വി ലൂക്കാ ഇങ്ങനെ വിവരിച്ചു: ''അവിടന്ന് അപ്പമെടുത്ത് ആശീർവ്വദിച്ച് അവർക്കു കൊടുത്തു; അപ്പോൾ അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു'' (Lk. 24/30-31).

മൂശയ്ക്ക് ദർശനം ലഭിച്ചു കഴിഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ മുഖം സൂര്യനെപ്പോലെ പ്രകാശിച്ചു. വാ. ചാവറയുടെ മുഖം ധ്യാനമുറിയിലും, ദിവ്യകാരുണ്യ സന്നിധിയിലും ഒരു ദിവ്യപ്രകാശത്താൽ ജ്വലിക്കുന്നതായി കണ്ടവരുണ്ട്. മുറിയുടെ ഏകാന്തതയിൽ, മുകളിലോട്ടു നോക്കി, അദ്ദേഹം ജ്വലിക്കുന്ന മുഖത്തോടെ, ദൈവത്തോട് സംഭാഷിക്കുന്നതായി കണ്ട സാക്ഷ്യവും നമുക്കുണ്ട്. ഈ സംഭാഷണം സമാഹരിക്കാവുന്ന നിസ്തുലമനോഹരമായ ഈരടിയാണിത്:

''എത്രയും ചിത്രമാം നിൻ മുഖ പത്മത്തെ
ഏകാന്ത പ്രേമത്താൽ പാർക്കുന്നഹം''
(ആത്മാ. 22/56-57)

**ശ്രദ്ധാർഹം :** വാ. ചാവറയുടെ ''*കാണാകേണം*'' *എന്ന ഗീതത്തിൽനിന്ന്* ചില ഈരടികൾ:

''കാരുണ്യനാഥനാം ദൈവകുമാരന്റെ
യാരുണ്യ ശോഭയെ കാണാകേണം''
(17/1-2)

''തൃക്കണ്ണുകൾകൊണ്ടു മാതാവെ നോക്കുന്ന
അക്കൺമണിയെ ഞാൻ കാണാകേണം''
(18/29-30)

''പുഞ്ചിരി കാട്ടി സ്നേഹാഗ്നി ജ്വലിപ്പിച്ച
പൊഞ്ചുണ്ടുകളെ ഞാൻ കാണാകേണം''
(18/31-32)

''ഇച്ഛയോടമ്മയെ കെട്ടിപ്പിടിച്ചോരു
കൊച്ചു കരങ്ങളെ കാണാകേണം''
(18/33-34)

## ഉപസംഹാരം

വാ. ചാവറയുടെ ലളിതമായ പ്രാർത്ഥനയുടെ സവിശേഷത ഇതാണ്. അത് പുതിയ ഉടമ്പടിയുടെ അടിസ്ഥാനബന്ധത്തിൽ അടിയുറച്ചതും അതിൽനിന്നു വളർന്ന് വികസിക്കുന്നതുമാണ്- ദൈവവുമായുള്ള നമ്മുടെ പിതൃപുത്ര ബന്ധത്തിൽ അടിയുറച്ച ഒരു പ്രാർത്ഥനാരീതി!

പിതാവ് മക്കളായ നമ്മുടെ മാർഗ്ഗദർശനത്തിനായി നല്കിയിരിക്കുന്ന വി. ഗ്രന്ഥം, മക്കൾ പിതാവിനു നല്കിയ പ്രത്യുത്തരത്തിന്റെ ചരിത്രമായ, സ്വന്തം ആത്മകഥ, വി. ഗ്രന്ഥ മാർഗ്ഗത്തിലൂടെ സ്തുത്യർഹമായി ജീവിച്ച്, പിതാവിനെ പ്രാപിച്ചു

കഴിഞ്ഞ വിശുദ്ധരുടെ ജീവിതകഥകൾ, മററനേകം പ്രത്യുത്തരങ്ങളുടെ ചിത്രങ്ങളടങ്ങുന്ന പ്രപഞ്ചവും ലോകചരിത്രവും- ഈ നാലു പുസ്തകങ്ങളിൽനിന്ന് ഓരോരുത്തരെയും സ്പർശിച്ച ചിത്രങ്ങൾ ഭാവനയുടെ കലവറയിൽ, അടുക്കടുക്കായി സംഭരിക്കലാണ്, ഈ കുറുക്കുവഴിയുടെ ആദ്യഘട്ടം.

പ്രസ്തുത ശേഖരത്തിൽനിന്ന്, ഏകാന്തതയിൽ, ആത്മകഥയുടെ ഒന്നാം അദ്ധ്യായം തുറക്കുമ്പോൾ, നിരന്നുവരുന്ന വസ്തുതകളുടെ സ്മരണയും, മററു ചിത്രങ്ങളുമായുള്ള താരതമ്യ പഠനവും, തൽഫലമായ പ്രതിസ്നേഹ ജ്വലനവും, ''സ്മരിക്കലും ജ്വലിക്കലു''മായും, രണ്ടാം അദ്ധ്യായത്തിൻെറ തത്തുല്യമായ കൈകാര്യം ''സ്മരിക്കലും തപിക്കലു'' മായും, മൂന്നാം അദ്ധ്യായത്തിൻേറത് ''സ്മരിക്കലും ഉജ്ജ്വലിക്കലു''മായും തീരുമ്പോൾ, നമ്മുടെ അന്തരംഗത്തിൽ ദിവ്യമായ ഒരു അവബോധം സ്ഥായിയായി വളരാൻ തുടങ്ങും. ഇതാണ് ഈ പ്രാർത്ഥനാ രീതിയുടെ രണ്ടാം ഘട്ടം.

രണ്ടാം ഘട്ടം സംജാതമാക്കുന്ന ധ്യാനാത്മകതയോടെ നടത്തുന്ന വാച്യപ്രാർത്ഥനകളും സമൂഹപ്രാർത്ഥനകളും മൂന്നാം ഘട്ടത്തിൻെറ സവിശേഷതയാണ്,

ധ്യാനാത്മക നമസ്ക്കാരത്തിൻെറ വികസനമാണ് നാലാം ഘട്ടം‌_ സാക്ഷാലുള്ള ധ്യാനം! ദൈവത്തോട് തനിയെ, സ്നേഹപൂർവ്വം നടത്തുന്ന ഈ സംഭാഷണം, അന്തരംഗത്തിൽ അവിടത്തെ വചനശ്രവണത്തിലേക്കും അവിടത്തെ തിരുമുഖ ദർശനത്തി

ലേക്കും, തജ്ജന്യമായ നമ്മുടെതന്നെ സ്ഥായിയായ രൂപാന്തരത്തിലേക്കും നമ്മെ നയിക്കുന്നു.

ഇതാ വാ. ചാവറയുടെ കുറുക്കുവഴി_ദൈവാനുഭവം സുകരമാക്കുന്ന ലളിതമായ പ്രാർത്ഥനാരീതി! അതിന്റെ നാലു ഘടകങ്ങൾ വഴി, യഥാർത്ഥമായ പാപബോധവും, അതേ സമയം, ദൈവാനുഭവവും ക്രമാനുഗതമായി ഒരുവന് സംലഭ്യമാകുന്നു.

ഇങ്ങനെ ദൈവദർശനാനുഭവം ലഭിച്ചിട്ടുള്ള വ്യക്തികൾ വസിക്കുന്ന ഭവനമാണ് സാക്ഷാൽ "ദർശനഭവനം" ആ ഭവനത്തിലെ അന്തരീക്ഷവും, അതിലെ വ്യക്തികളുടെ സാന്നിദ്ധ്യവും, സംഭാഷണവും സംസർഗ്ഗവും മററുള്ളവരിലേക്കും ദിവ്യാനുഭൂതി പ്രസരിപ്പിച്ചുകൊണ്ടിരിക്കും.

അങ്ങനെ, ഈ പ്രാർത്ഥനാരീതി "പുണ്യത്തിന്റെ മുകളിൽ കയറുവാനും, കയറിയിടത്തിൽനിന്ന് വീഴായ്‌വാനുമുള്ള "കുറുക്കുവഴി"യായി ഭവിക്കുന്നു.

## അനുബന്ധം

# I

# ചാവറപ്രാർത്ഥനാരീതിയിൽ ഒരു മുഴുവൻ ധ്യാനം

### (ആറ് പൂർണ്ണദിനങ്ങൾ)

ക്രിസ്തീയ ജീവിതത്തിന്റെ തനിമയിലേക്കും, അതിന്റെ അനുഭവാനുഭൂതികളിലേക്കും നയിക്കു

വാനുതകുന്ന ഒരു മുഴുവൻ ധ്യാനമായി വാ. ചാവറ യുടെ ഈ പ്രാർത്ഥനാരീതി സ്വീകരിക്കാവുന്ന താണ്.

1. അതിൻെറ ഘടകങ്ങൾ : വായന, ഏകാന്തം, ധ്യാ ത്തോടുകൂടിയ നമസ്കാരം, ധ്യാനം.

2. ധ്യാനിപ്പിക്കലല്ല, പ്രത്യുത ധ്യാനിക്കൽ, അതാ യത് :

   1. *വായനയിലൂടെ* ആശയ സംഭരണം
   2. *ഏകാന്തതയിൽ,* സ്മരിക്കലും
      പ്രസ്തുത ആശയങ്ങളുടെ ജ്വലിക്കലും
      അടിസ്ഥാനത്തിൽ : സ്മരിക്കലും
      തപിക്കലും
      സ്മരിക്കലും
      ഉജ്ജ്വലിക്കലും
   3. *ധ്യാനാത്മകമായ,* സമൂഹ പ്രാർത്ഥനകൾ, (നമസ്കാരം) ദിവ്യബലി, സമൂഹമായ ആരാധന, കാനോന നമസ്കാരം ജപമാല.
   4. *സ്വയമായ ധ്യാനം* (ദിവ്യകാരുണ്യസന്നിധിയിൽ) തനിയെ, സ്നേഹത്തോടുകൂടിയ സംഭാഷണം:
      1. Learning Prayer (ഒരു മണിക്കൂർ)
      2. Listening Prayer ( ,, ,, )
      3. Reckoning Prayer (10 മിനിററ്)

3. ധ്യാനഗുരു, ഒന്നാം ഘടകമായ വായനയുടെ ഭാഗമാണ് പൂരിപ്പിക്കുക. സ്വയം നടത്തുന്ന ഏകാന്തതയിലെ അനുചിന്തനത്തിനും തനിയെ തിരുസന്നിധിയിൽ നടത്തുന്ന ധ്യാനത്തിനും, വായനവഴി സംഭരിച്ചിരിക്കേണ്ട വിഷയങ്ങൾ അദ്ദേഹം ക്ലാസുകൾ, ഹോമിലി, ഊട്ടുമുറി വായന മുതലായവവഴി സപ്ലൈ ചെയ്യുന്നു.

അതിനു പുറമെ, സമൂഹപ്രാർത്ഥനകളിൽ (ധ്യാനാത്മക) അദ്ദേഹം നേതൃത്വം വഹിക്കുന്നു. (ആരാധന, ദിവ്യപൂജ, സായാഹ്നപ്രാർത്ഥന)

4. വിഷയത്തിൻെറ സ്വഭാവം– പുതിയ ഉടമ്പടിയുടെ തിയോളജിയാണ് ധ്യാനഗുരു അവതരിപ്പിക്കുക. വിഷയ വിവരം :

1. ''ഞാനൊരു ക്രിസ്ത്യാനി''യാണ്–പുതിയ ഉടമ്പടിയുടെ മനുഷ്യൻ - ഹിന്ദുവല്ല, മുസ്ലീമല്ല, യഹൂദനല്ല, പ്രത്യുത ഏക ദൈവത്തെ ത്രിത്വമായി-പിതാവും പുത്രനും പരിശുദ്ധാത്മാവുമായി ദർശിക്കുന്നവൻ–അവരോട് വ്യക്തിപരമായി, നിരന്തര സമ്പർക്കം പുലർത്തുന്നവൻ. അതായത് :

*പിതാവിനെ* സാക്ഷാൽ ''അപ്പനായും'',

*പുത്രനെ* ജ്യേഷ്ഠ സഹോദരനും ആത്മമണവാളനുമായും,

*പരിശുദ്ധാത്മാവിനെ*, ഹൃദയസ്ഥിതനായ അദ്ധ്യാപകനും ആലോചകനും നിയന്താവുമായും,

*പ. കന്യകയെ*, അമ്മയായും,

*സ്വശരീരത്തെ*, ദൈവത്തിൻെറ സാക്ഷാൽ ദേവാലയമായും,

*കാവൽദൂതനെ*, ആ ദേവാലയത്തിൻെറ കാവൽക്കാരനായും,

*ചുററുമുള്ളവരെ.* ഒരുമിച്ചു വളരാനും പരസ്പരം വളർത്താനുമായി പിതാവു നല്കിയിരിക്കുന്ന സഹോദരീ സഹോദരൻമാരായും കാണുന്നവൻ – ഈ യാഥാർത്ഥ്യങ്ങൾ ജീവിതബദ്ധമാക്കിയിരിക്കുന്നവൻ,

*ക്രിസ്ത്യാനിയുടെ ജീവിത നിയമം* : പഴയ നിയമമല്ല (''തന്നത്താൻ സ്നേഹിക്കുന്നതുപോലെ മററുള്ളവരെ സ്നേഹിക്കുക'' എന്നതല്ല) പ്രത്യുത പുതിയ നിയമം. (''ഈശോ നമ്മെ സ്നേഹിച്ചതുപോലെ, നാം പരസ്പരംസ്നേഹിക്കുക'' എന്നത്)

പുതിയ നിയമ നിർവ്വഹണത്തിന് ക്രിസ്ത്യാനിക്ക് ഒഴിച്ചുകൂടാത്ത ആലോചകൻ, അദ്ധ്യാപകൻ, നിയന്താവ്: ഹൃദയസ്ഥിതനായ പരിശുദ്ധാത്മാവ്.

2. ''*ഞാനൊരു സന്യാസിയും*''*കൂടിയാണ്*, അതായത് വ്രതബദ്ധനായ ക്രിസ്തു അനുയായി (പുതിയ ഉടമ്പടിയുടെ മനുഷ്യൻ)

– എൻെറ ''*ഏകാന്തപ്രേമം*'' ക്രിസ്തുവദനം (ബ്രഹ്മചര്യസിദ്ധി)

– അതിനുള്ള വ്യവസ്ഥ : *സമൂലദാരിദ്ര്യം*
(ഏകാഗ്രതാ സിദ്ധി)

– അതു നല്കുന്ന ആഭിജാത്യം ; *അനുസരണം*
(ആഭിജാത്യ സിദ്ധി)

3. എന്റെ പിതാവ് എന്നെ ആഭിജാത്യമനുസരിച്ചു വളർത്താൻ ചെയ്തിരിക്കുന്ന ക്രമീകരണങ്ങൾ: ശ്വാസനം മുതൽ ലയനംവരെ.

''ശ്വാസവുമെനിക്കു നീ
യാവന പാനം നീയേ...''

4. ഇവയെല്ലാം വേണ്ടവിധം സ്വാംശീകരിച്ച് വളർന്നു വികസിക്കാനുള്ള അവശ്യ വ്യവസ്ഥ:

– പാപത്തിൽനിന്നും പാപബന്ധങ്ങളിൽനിന്നും അകൽച്ച

– ശത്രുമഥനം (ശത്രുമഥനശാസ്ത്രം-ആയോധന വിദ്യ)

5. എന്നിൽ ക്രിസ്തുവിനോടുള്ള സാരൂപ്യം (പിതാവിന്റെ ലക്ഷ്യം)

– അതിനുള്ള നിയമം : സ്വയപരിത്യാഗം-ഒരുമിച്ചു വളരാൻ പരസ്പരം വളർത്താൻ

– അതിനുള്ള പരിശീലനക്കളരി : സ്നേഹ സമൂഹം, പ്രവർത്തന രംഗം.

– അതിന്റെ സാക്ഷ്യം : കുരിശുവഹിച്ച് ഈശോയുടെ പുറകെ, ബോധപൂർവ്വം, ധീരധീരം, തിൻമക്കു പകരം നൻമ ചെയ്തുകൊണ്ട്- സഹനരഹസ്യം, സഹനദാഹം.

– പ്രേഷിതവൃത്തി - എൻേറതായ സ്ഥാനം, ദൗത്യം.

5. *അന്തരീക്ഷം* : ഏകാന്തത, മൗനം, ഏകാഗ്രത, വിശ്രമം, പ്രസന്നത എന്നിവ സംലഭ്യമാക്കുന്ന സ്ഥല സംവിധാനങ്ങൾ.

## അനുബന്ധം

## II

# വാ. ചാവറയുടെ തിരുനാളിന് ഒരുക്കമായ പ്രാർത്ഥനാ ശുശ്രൂഷ *

നമുക്കെല്ലാവർക്കും ഭക്തിയോടും ശ്രദ്ധയോടുംകൂടെ, കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

1. കർത്താവായ ദൈവമേ / അങ്ങയുടെ വത്സല പുത്രനായ വാ. കുറിയാക്കോസ് ഏലിയാ / തൻെറ ശിശു പ്രായത്തിൽത്തന്നെ / അങ്ങയെ തൻെറ സാക്ഷാൽ പിതാവായി കാണുകയും / അങ്ങയുടെ പരിപാലനയുടെ ക്രമീകരണങ്ങളെ / നിർവ്വിശങ്കം / സ്വീകരിച്ചാശ്ലേഷിക്കുകയും ചെയ്തുവല്ലൊ. ക്രിസ്തീയ ധാർമ്മികതയുടെ / ഈ അടിസ്ഥാന പാഠം / ഞങ്ങളുടെ ജീവിതത്തിലും / യാഥാർത്ഥ്യമാക്കുന്ന

* കാറോസൂസായുടെ ഓരോ ഖണ്ഡിക ഒരു ദിവസത്തേക്കായി എടുത്താൽ, ഇതുതന്നെ നവനാൾ പ്രാർത്ഥനയായും തീരുന്നതാണ്.

തിനുള്ള / കൃപാവരം നൽകി / ഞങ്ങളെ അനുഗ്രഹി ക്കണമെന്ന് / അങ്ങയോട് ഞങ്ങളപേക്ഷിക്കുന്നു.

കർത്താവേ / ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

2. കർത്താവായ ദൈവമേ / കേരളസഭയെ ഫല സമൃദ്ധയാക്കുവാൻവേണ്ടി / വാ. കുറിയാക്കോസ് ഏ ലിയാ / കുടുംബങ്ങളെയും / വൈദികരെയും / പ്രാർ ത്ഥനാ നിരതരാക്കുവാൻ / ആജീവനാന്തം / അദ്ധ്വാ നിച്ചുവല്ലൊ. ആ പ്രാർത്ഥനാചൈതന്യത്തിന് / മങ്ങൽ ഭവിക്കാതെ / കുടുംബങ്ങളിൽ / അത് ക്രമ പ്രവർദ്ധമായി / വളരുവാൻ ഇടയാക്കണമെന്ന് / അ ങ്ങയോട് ഞങ്ങളപേക്ഷിക്കുന്നു.

കർത്താവേ / ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

3. കർത്താവായ ദൈവമേ / കേരളസഭയുടെ സു ഭദ്രതയെ / അപകടത്തിലാക്കിയ / ശിഥിലീകരണ ശ ക്തികളെ / പിൻതിരിപ്പിക്കുവാൻ / വാ. കുറിയാക്കോ സ് ഏലിയായെ / അങ്ങ് / നേതാവായി ഉയർത്തിയ ല്ലൊ. അദ്ദേഹത്തിൻെറ മാദ്ധ്യസ്ഥ്യം തേടുന്ന / ഞ ങ്ങളുടെ വിശ്വാസം / എന്നും സജീവമായിരിക്കുവാൻ / ഇടയാക്കണമെന്ന് / അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു.

കർത്താവേ / ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

4. കർത്താവായ ദൈവമേ / ബാലികാബാലൻ മാർക്ക് / ക്രിസ്തീയാന്തരീക്ഷത്തിലുള്ള / വിദ്യാ ഭ്യാസം സുരക്ഷിതമാക്കാൻ / ഇടവകകൾതോറും / പള്ളിക്കൂടങ്ങൾ ഉണ്ടാകണമെന്ന വ്യവസ്ഥ / നിർബ ന്ധമാക്കിയ / വാ. കുറിയാക്കോസ് ഏലിയായെ ഓർ

ത്ത് / അങ്ങയുടെ ചിന്താഗതിയും ചൈതന്യവും / ഞങ്ങളുടെ ബാലികാബാലൻമാരിലും / യുവതീയുവാക്കൻമാരിലും / അന്യൂനം വളർത്താനുള്ള മുൻകരുതൽ / ബന്ധപ്പെട്ടവർക്കെല്ലാം നൽകുമാറാകണമെന്ന് / അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു.

കർത്താവേ / ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ.

5. കർത്താവായ ദൈവമേ / ദൈവാരൂപിയാൽ നിറഞ്ഞ / വൈദികരെയും / സന്യാസിനീ സന്യാസികളെയും ഉദ്ദേശിച്ച് / ദർശനഭവനങ്ങളും സെമിനാരികളും / കന്യകാലയങ്ങളും സ്ഥാപിക്കുവാൻ / മുൻകൈ എടുത്ത / വാ. കുറിയാക്കോസ് ഏലിയായെ ഓർത്ത് / വൈദികരും സന്യാസിനീ സന്യാസികളും / സാക്ഷാൽ ''കെടാവിളക്കുകളും ഉറകെടാത്ത ഉപ്പു'' മായി / തിരുസഭയിൽ / വിരാജിക്കുവാൻ ഇടയാക്കണമെന്ന് / അങ്ങയോട് ഞങ്ങളപേക്ഷിക്കുന്നു.

കർത്താവേ / ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

6. ക്രിസ്തീയ ധാർമ്മികതയുടെ / ഉന്നതമാനം പുലർത്തിക്കൊണ്ട് / വൈകാരികവും ആദ്ധ്യാത്മികവും / മാനസികവുമായ പരിപക്വതയ്ക്ക് / സാക്ഷ്യം നൽകിയ / വാ. കുറിയാക്കോസ് ഏലിയായെ ഓർത്ത് / ആദ്ധ്യാത്മികതയിൽ / പക്വമതികളായി / അങ്ങയെ മഹത്വപ്പെടുത്തുവാനുള്ള അനുഗ്രഹം / ഞങ്ങൾക്ക് നല്കുമാറാകണമെന്ന് / കർത്താവേ / അങ്ങയോട് ഞങ്ങളപേക്ഷിക്കുന്നു.

കർത്താവേ / ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

7. സഭയ്ക്കു പൊതുവായും / വ്യക്തികൾക്ക് പ്രത്യേകമായും / പ്രതിസന്ധികളിൽ / സത്വരസഹായം നൽകി / അങ്ങയുടെ മൗതികശരീരത്തെ / വളർത്തിയെടുക്കാനുള്ള വരം / വാ. കുറിയാക്കോസ് ഏലീയായ്ക്കു നൽകിയ കർത്താവേ / ഇപ്പോൾ പ്രതിസന്ധികളിലിരിക്കുന്ന / അങ്ങയുടെ മക്കളെ സമുദ്ധരിക്കുവാൻ / അദ്ദേഹത്തെ അയക്കുമാറാകണമെന്ന്/ അങ്ങയോട് ഞങ്ങളപേക്ഷിക്കുന്നു.

കർത്താവേ / ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ.

8. കർത്താവായ ദൈവമേ / ഇന്നത്തെ തലമുറയ്ക്ക് രക്ഷാകരമായ പാപബോധവും / അവർ തീവ്രമായി ആഗ്രഹിക്കുന്ന / ദൈവാനുഭവവും / സുസാദ്ധ്യമാക്കുന്ന / വാ. കുറിയാക്കോസ് ഏലിയായുടെ/ ലളിതമായ പ്രാർത്ഥനാരീതിയിലേക്കുള്ള ഉൾക്കാഴ്ച / നൽകുമാറാകണമെന്ന് / അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു.

കർത്താവേ / ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

9. കുടുംബങ്ങളുടെ / ആദ്ധ്യാത്മിക വളർച്ചയെ ലക്ഷ്യമാക്കി കേരളസഭയിൽ, പ്രാർത്ഥനാപ്പുസ്തകങ്ങളും / ആദ്ധ്യാത്മിക ഗ്രന്ഥങ്ങളും / സുലഭമാക്കുകയും / തിരുക്കർമ്മ ജീവിതവും ഭക്താനുഷ്ഠാനങ്ങളും / തീക്ഷ്ണതരമാക്കുകയും ചെയ്ത / വാ. കുറിയാക്കോസ് ഏലിയായിൽ ജ്വലിച്ചിരുന്ന തിരുസഭാസ്നേഹം / ഞങ്ങൾക്കും നൽകുമാറാകണമെന്ന് / കർത്താവേ / അങ്ങയോട് ഞങ്ങളപേക്ഷിക്കുന്നു.

കർത്താവേ / ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

## നമുക്കു പ്രാർത്ഥിക്കാം

വാ. കുറിയാക്കോസ് ഏലിയായേ / അങ്ങയെപ്പോലെ / ദൈവത്തെ സാക്ഷാൽ പിതാവായി കാണുവാനും / അവിടത്തെ ക്രമീകരണങ്ങളെല്ലാം / നിർവ്വിശങ്കം സ്വീകരിച്ചാശ്ലേഷിക്കുവാനും / ഞങ്ങളെ സഹായിക്കണമേ.

ഞങ്ങളുടെ കുടുംബങ്ങളെയും വൈദികരെയും / പ്രാർത്ഥനാനിരതരാക്കിക്കൊണ്ടും / വിദ്യാലയങ്ങളിൽ / ക്രിസ്തീയാന്തരീക്ഷം / സുരക്ഷിതമാക്കിക്കൊണ്ടും / കേവലം വന്ധ്യയായിരുന്ന കേരളസഭയെ / അങ്ങ് / ഫലസമൃദ്ധയാക്കിയല്ലൊ. ശീശ്മയുടെ പടനീക്കങ്ങളെ / അമാനുഷിക ശക്തിയാൽ / അങ്ങ് പിൻതിരിപ്പിച്ചു. അങ്ങനെ കേരളസഭ / കാലാന്തരത്തിൽ / ദൈവവിളികളുടെ വററാത്ത ഉറവിടമാകുവാൻ / പിതാവായ ദൈവം ഇടയാക്കി.

ക്രിസ്തീയ ധാർമ്മികതയുടെ / സമുന്നത മാതൃക നൽകിക്കൊണ്ട് / സഭയെ പ്രകാശിപ്പിച്ച് / അനേകം വ്യക്തികളെ / അവരുടെ പ്രതിസന്ധികളിൽ നിന്ന് / അങ്ങ് സമുദ്ധരിച്ചുവല്ലൊ. വൽസല പിതാവേ / ഇന്നത്തെ പ്രതിസന്ധിയിൽ / സഭയുടെയും / ഞങ്ങൾ ഓരോരുത്തരുടെയും / സഹായത്തിനായി വരണമേ എന്ന് / ഞങ്ങൾ വിനയപൂർവ്വം അപേക്ഷിക്കുന്നു.

കർത്താവായ ദൈവമേ / വാ. കുറിയാക്കോസ് ഏ
ലിയായുടെ / മാദ്ധ്യസ്ഥശക്തിക്ക് / അദ്ഭുതസാ
ഫല്യം നൽകിക്കൊണ്ട് / അദ്ദേഹത്തിൽ അങ്ങ് ആ
രംഭിച്ചത് / പൂർത്തിയാക്കണമേ. അദ്ദേഹം വിശു
ദ്ധനായി പ്രഖ്യാപിക്കപ്പെടുന്ന ദിവസം / അത്യാകാം
ക്ഷയോടെ പാർത്തിരിക്കുന്ന / ഞങ്ങളുടെ ആഗ്രഹ
പൂർത്തി ത്വരിതപ്പെടുത്തണമേ. / പിതാവും പുത്ര
നും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

ആമ്മേൻ.

## അനുബന്ധം

# III

## പ. കന്യകയുടെ ധ്യാനരീതി

Lk. 1/46-55; 2/19,51)

സംഭവങ്ങൾ ഹൃദയത്തിൽ സംഗ്രഹിച്ച്, ഒന്നി
നെ മറ്റൊന്നിനോട് തുലനം ചെയ്ത്, അനുമാന
ത്തിലെത്തുക, ദൈവത്തെ സ്തുതിക്കുക. ഈ രീതി
യുടെ മനോഹര മാതൃകയാണ്: ''ഞാനെൻ നാഥനെ
വാഴ്ത്തുന്ന'' എന്നാരംഭിക്കുന്ന പ. കന്യകയുടെ നി
സ്തുല ഗാനം (Lk. 1/46-55).

പാരമ്പര്യത്തിൻെറ സാക്ഷ്യമനുസരിച്ച്, പ.
കന്യകയ്ക്ക്, മൂന്നു വയസ്സുള്ളപ്പോൾ, മാതാ
പിതാക്കൻമാർ അവളെ ദേവാലയത്തിൽ സമർപ്പിച്ചു.
അവിടെ അവൾ, തരക്കാരോടുകൂടി വി. ഗ്രന്ഥ

പഠനത്തിലും, ദേവാലയത്തിലെ ആരാധനാ ഭാഗഭാഗിത്വത്തിലും വളർന്നു വന്നു. പ്രായപൂർത്തിയായതോടെ, വി. ഗ്രന്ഥ ചരിത്രത്തിലെ സംഭവങ്ങൾ, അവളുടെ സ്മരണയുടെ കലവറയിൽഅടുക്കടുക്കായി സംഭരിച്ചു കഴിഞ്ഞിരുന്നു.

പറുദീസായിലെ ആദ്യപ്രവചനത്തിലെ, സർപ്പത്തിന്റെ തല ചതക്കാനിരിക്കുന്ന സ്ത്രീ തന്നെയാണ്, ഏശയ്യായുടെ പ്രവചനത്തിലെ എമ്മാനുവേലിന്റെ കന്യകാ മാതാവ്. ആ മഹോന്നത സ്ത്രീയുടെ ഒരു ദാസിയായിത്തീരുവാൻ മറിയം അഭിലഷിച്ചു. അതിനായി, നിത്യകന്യകയായിരിക്കാനും അവൾ നിശ്ചയിച്ചു.

പ്രായപൂർത്തിയായപ്പോൾ, ഗബ്രിയേൽ ദൂതൻ വഴി പിതാവായ ദൈവം മറിയത്തെ അറിയിക്കുന്നു, അവൾ, ആരുടെ ദാസിയാകുവാൻ ആഗ്രഹിച്ചിരുന്നുവോ, ആ മഹോന്നത സ്ത്രീ അവൾതന്നെയാണെന്ന് – ലോകരക്ഷകനായ ദൈവസുതന്റെ കന്യകാ മാതാവ് ! അചിന്ത്യമായ ഈ ഉയർച്ചയിൽ, അവൾ ധ്യാനത്തിൽ ലയിക്കുന്നു. എലീശായിലൂടെ, പരിശുദ്ധാരൂപി നൽകിയ സന്ദേശം, ആ ധ്യാനത്തെ ആഴപ്പെടുത്തുന്നു, താഴ്മയുള്ളവരെ ഉയർത്തുന്ന ദൈവത്തിന്റെ പ്രവൃത്തികൾ, സ്മരണയുടെ കലവറയിൽനിന്ന് ഓരോന്നായി അവൾ പുറത്തെടുക്കുന്നു.

1. ഹൃദയവിചാരത്തിൽ അഹങ്കരിച്ചവരെ ചിതറിച്ച്, താഴ്മയുള്ളവരെ ഉയർത്തിയ സംഭവം! ഇസ്രായേൽ ജനത്തെ അടിമത്തത്തിൽനിന്ന് വിടുതലാക്കാൻ ആജ്ഞാപിച്ച ദൈവസ്വരത്തോട് അനേകം

...പാവശ്യം ധിക്കരിച്ച ഫറവോനെയും അയാളുടെ സൈന്യത്തെയും ചെങ്കടലിൽ ചിതറിച്ച്, താഴ്മയുള്ള ഇസ്രായേലിനെ അദ്ഭുതപൂർവ്വം, ചെങ്കടൽ കടത്തിയ ദൈവത്തെ - (Exod. 5–15) -

2. കാനാൻ രാജാവായ ജാബിനെയും, 900 രഥങ്ങളുമായി ഇസ്രായേൽ ജനത്തെ, പടത്തലവനായ സിസെറായുടെ നേതൃത്വത്തിൽ, ചതച്ചരയ്ക്കുവാൻ, ഇരമ്പിക്കയറിയ മഹാസൈന്യത്തെയും അവരുടെ ശക്തിപ്രകടനത്തെയും, ഇസ്രായേലിലെ വെറും പതിനായിരം ആളുകളെക്കൊണ്ട് തകിടംമറിച്ച്, നാമാവശേഷമാക്കിയ ദൈവത്തിൻെറ ഭുജബലത്തെ (Jud. 4 1-23)-

3. ബെത്തൂലിയാ പട്ടണത്തെ പട്ടിണിയിട്ട് കീഴടക്കുവാനായി, അതിനെ വളഞ്ഞ്, പശികൊണ്ടു പിടയുന്ന ഇസ്രായേൽ ജനത്തിൻെറ ചുററും തിന്നുകുടിച്ചുല്ലസിച്ച ഹൊളോഫെർനസിൻെറ മഹാസൈന്യത്തെ, ജൂദിത്തിൻെറ കരങ്ങളാൽ വിച്ഛേദിക്കപ്പെട്ട ഹൊളോഫെർനസിൻെറ, തല കാണിച്ച് വിരട്ടിയോടിച്ച്, ഒന്നും കൊടുക്കാതെ പറഞ്ഞയച്ച്, അവരുടെ വിഭവങ്ങൾകൊണ്ട്, ഇസ്രായേലിനെ പോറ്റിയ കർത്താവിനെ (Judith. 1–16) - അനുസ്മരിച്ച്, അതുപോലെ വിനീതയായ തൻെറ താഴ്മയെ പരമാവധി ഉയർത്തിയ അത്യുന്നതനോടുള്ള കൃതജ്ഞതയാൽ, മറിയം അവിടത്തെ പാടിപ്പുകഴ്ത്തുന്നു:

''എൻെറ ആത്മാവ് കർത്താവിനെ
മഹത്വപ്പെടുത്തുന്നു;

എന്റെ ഹൃദയം എന്റെ രക്ഷകനായ
ദൈവത്തിൽ ആനന്ദിക്കുന്നു
അവിടന്ന് തന്റെ ദാസിയുടെ താഴ്മയെ
കടാക്ഷിച്ചു
ഇതാ, ഇപ്പോൾ മുതൽ എല്ലാ തലമുറയും
എന്നെ ഭാഗ്യവതിയെന്നു വാഴ്ത്തും
എന്തെന്നാൽ, ശക്തനായവൻ എനിക്ക് വലിയ
കാര്യങ്ങൾ ചെയ്തു
അവിടത്തെ നാമം പരിശുദ്ധമാകുന്നു.
തന്നെ ഭയപ്പെടുന്നവരുടെമേൽ അവിടത്തെ
കാരുണ്യം തലമുറതോറും ഉണ്ടായിരിക്കും'

''മറിയം ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിച്ചുകൊണ്ടിരുന്നു''.

(Lk· 2/19,51)